പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 226

# 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

published on 26/10/19

പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 226

# 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

985/2019.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 226

# 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

## 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും (1986-ലെ 31) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും (2013-ലെ 24) 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (2015-ലെ 17) താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2019 മാർച്ച് 6-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 1986-ലെ 31-ാം ആക്റ്റിനുള്ള ഭേദഗതി.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31),—

(എ) 10-ാം വകുപ്പിൽ, (iii)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"(iii എ) പരീക്ഷാ കൺട്രോളർ;";

(ബി) 13-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

985/2019.

"(1) സിൻഡിക്കേറ്റ് സർക്കാരിന് നൽകുന്ന രണ്ട് ആളുകളുടെ പേരുകൾ ഉൾക്കൊള്ളുന്ന ഒരു പാനലിൽ നിന്ന് സർക്കാർ തിരഞ്ഞെടുക്കുന്ന ഒരാളെ സർവ്വകലാശാലയുടെ രജിസ്ട്രാറായി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അദ്ദേഹത്തിന് അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതാണ്.

(1 എ) രജിസ്ട്രാറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(സി) 13-ാം വകുപ്പിന് ശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"13 എ. പരീക്ഷാ കൺട്രോളർ.—(1) സിൻഡിക്കേറ്റ് സർക്കാരിന് നൽകുന്ന, രണ്ട് ആളുകളുടെ പേരുകൾ ഉൾക്കൊള്ളുന്ന ഒരു പാനലിൽ നിന്ന് സർക്കാർ തിരഞ്ഞെടുക്കുന്ന ഒരാളെ സർവ്വകലാശാലയുടെ പരീക്ഷാ കൺട്രോളറായി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അദ്ദേഹത്തിന് അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതാണ്.

(2) പരീക്ഷാ കൺട്രോളറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(3) പരീക്ഷാ കൺട്രോളർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.";

(ഡി) 14-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(1) സിൻഡിക്കേറ്റ് സർക്കാരിന് നൽകുന്ന രണ്ട് ആളുകളുടെ പേരുകൾ ഉൾക്കൊള്ളുന്ന ഒരു പാനലിൽ നിന്ന് സർക്കാർ തിരഞ്ഞെടുക്കുന്ന ഒരാളെ ഫൈനാൻസ്

ആഫീസറായി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അദ്ദേഹത്തിന് അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതു വരെയോ, ഇവയിലേതാണോ ആദ്യം അതുവരെ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ട താണ്.

(1 എ) ഫൈനാൻസ് ആഫീസറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.".

3. 2013-ലെ 24-ാം ആക്റ്റിനുള്ള ഭേദഗതി.—2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24),—

(എ) 32-ാം വകുപ്പിൽ, (6)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(6) രജിസ്ട്രാറെ അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, നിയമിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന വേതനത്തിനും മറ്റു സേവന വ്യവസ്ഥകൾക്കും അദ്ദേഹത്തിന് അർഹതയുണ്ടായിരിക്കുന്ന തുമാണ്.

(7) രജിസ്ട്രാറായി നിയമിക്കപ്പെട്ട ഒരാളിന് (6)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(ബി) 33-ാം വകുപ്പിൽ, (5)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(5) പരീക്ഷാ കൺട്രോളറെ അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, നിയമിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന വേതനത്തിനും മറ്റു സേവനവ്യവസ്ഥകൾക്കും അദ്ദേഹം അർഹനായിരിക്കുന്നതുമാണ്.

(6) പരീക്ഷാ കൺട്രോളറായി നിയമിക്കപ്പെട്ട ഒരാളിന് (5)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(സി) 34-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(1) ഫൈനാൻസ് ആഫീസർ സർവ്വകലാശാലയുടെ ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും നിയമിക്കേണ്ടതുമാണ്.

(1എ) ഫൈനാൻസ് ആഫീസറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.".

4. 2015-ലെ 17-ാം ആക്റ്റിനുള്ള ഭേദഗതി.—2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17),—

(എ) 16-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(3) രജിസ്ട്രാറെ അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, നിയമിക്കേണ്ടതാണ്. രജിസ്ട്രാറായി തിരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവൃത്തി പരിചയവും സർക്കാർ അംഗീകരിച്ച പ്രകാരമായിരിക്കേണ്ടതാണ്.

(3എ) രജിസ്ട്രാറായി നിയമിക്കപ്പെട്ട ഒരാളിന് (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(ബി) 17-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിലെ മൂന്നാമത്തെ വാക്യത്തിന് പകരം താഴെപ്പറയുന്ന വാക്യം ചേർക്കേണ്ടതാണ്, അതായത് :—

"ഫൈനാൻസ് ഓഫീസറെ അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതു വരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, നിയമിക്കേണ്ടതാണ്.";

(ii) (1)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

(1എ) ഫൈനാൻസ് ഓഫീസറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.";

(സി) 18-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(2) പരീക്ഷാ കൺട്രോളറെ അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിലേതാണോ ആദ്യം അതുവരെ, നിയമിക്കേണ്ടതാണ്. പരീക്ഷാ കൺട്രോളറായി തിരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവൃത്തി പരിചയവും സർക്കാർ അംഗീകരിച്ച പ്രകാരമായിരിക്കേണ്ടതാണ്.

(2എ) പരീക്ഷാ കൺട്രോളറായി നിയമിക്കപ്പെട്ട ഒരാളിന് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധികകാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.".

5. <u>നിലവിലുള്ള രജിസ്ട്രാർമാരെയും പരീക്ഷാ കൺട്രോളർമാരെയും ഫൈനാൻസ് ഓഫീസർമാരെയും സംബന്ധിച്ച പ്രത്യേക വ്യവസ്ഥ</u>—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിലോ (1986-ലെ 31), 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിലോ (2013-ലെ 24) 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിലോ (2015-ലെ 17) അവയ്ക്ക് കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലോ ഓർഡിനൻസുകളിലോ റഗുലേഷനുകളിലോ ഉത്തരവുകളിലോ ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും മുകളിൽ പറഞ്ഞ ആക്റ്റുകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള സർവ്വകലാശാലകളിലെ നിലവിലുള്ള രജിസ്ട്രാർമാരോ പരീക്ഷാ കൺട്രോളർമാരോ ഫൈനാൻസ് ഓഫീസർമാരോ, അതതുസംഗതിപോലെ, അവരുടെ ഉദ്യോഗത്തിൽ നാല് വർഷക്കാലയളവോ അൻപത്തിയാറ് വയസ്സോ, അവയിലേതാണോ ആദ്യം, പൂർത്തിയാക്കിയിട്ടുള്ളിടത്ത് ഈ ആക്റ്റിന്റെ പ്രാബല്യ ത്തീയതിയിലും അന്ന് മുതൽക്കും അവരുടെ ഉദ്യോഗം ഒഴിഞ്ഞതായി കരുതപ്പെടേണ്ട താണ്. ഉദ്യോഗത്തിൽ നാല് വർഷക്കാലയളവോ അൻപത്തിയാറ് വയസ്സോ പൂർത്തിയാക്കിയിട്ടില്ലാത്ത രജിസ്ട്രാർമാരുടെയോ പരീക്ഷാ കൺട്രോളർമാരുടെയോ ഫൈനാൻസ് ഓഫീസർമാരുടെയോ സംഗതിയിൽ, അവർ നാല് വർഷക്കാലയളവോ അൻപത്തിയാറ് വയസ്സോ, അവയിൽ ഏതാണോ ആദ്യം അതുവരെ അവരുടെ ഉദ്യോഗത്തിൽ തുടരേണ്ടതാണ്. മറ്റു വകുപ്പുകളിൽ നിന്ന് നിയമിക്കപ്പെട്ടതും അവരുടെ ഉദ്യോഗത്തിൽ നാല് വർഷക്കാലയളവ് അല്ലെങ്കിൽ അൻപത്തിയാറ് വയസ്സ് പൂർത്തിയാക്കിയിട്ടുള്ളതും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഉദ്യോഗം ഒഴിഞ്ഞിട്ടുള്ളതുമായ

രജിസ്ട്രാർമാരുടെയോ പരീക്ഷാ കൺട്രോളർമാരുടെയോ ഫൈനാൻസ് ഓഫീസർ മാരുടെയോ സംഗതിയിൽ അവരുടെ മാതൃവകുപ്പിൽ ബാധകമായിട്ടുള്ള സേവന വ്യവസ്ഥകൾ സംബന്ധിച്ച നിയമം ബാധകമാക്കേണ്ടതാണ്.

6. റദ്ദാക്കലും ഒഴിവാക്കലും.—2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ഓർഡിനൻസ് (2019-ലെ 35) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും (1986-ലെ 31), 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും (2013-ലെ 24) 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (2015-ലെ 17) പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും (1986-ലെ 31), 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും (2013-ലെ 24) 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (2015-ലെ 17) പ്രകാരം യഥാക്രമം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തെ സർവ്വകലാശാലകളിലെ രജിസ്ട്രാർമാർ, പരീക്ഷാ കൺട്രോളർമാർ, ഫൈനാൻസ് ഓഫീസർമാർ എന്നിവരുടെ നിയമന കാലയളവ് ഏകീകരിക്കുന്നതിന് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ശിപാർശ ചെയ്തിട്ടുള്ളതാണ്. സർക്കാർ, പ്രസ്തുത ശിപാർശ പരിഗണിക്കുകയും ഈ ആവശ്യത്തിലേയ്ക്കായി കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയിലെയും തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലയിലെയും എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല യിലെയും രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫൈനാൻസ് ഓഫീസർ എന്നിവരുടെ നിയമന കാലയളവ് ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്കോ അൻപത്തിയാറ് വയസ്സോ അവയിൽ ഏതാണോ ആദ്യം അതുവരെ, എന്ന വ്യവസ്ഥ ഉൾപ്പെടുത്തി 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിലും (1986-ലെ 31) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിലും (2013-ലെ 24) 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിലും (2015-ലെ 17) ആവശ്യമായ ഭേദഗതി വരുത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ഓർഡിനൻസ് 2019 മാർച്ച് 6-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019 മാർച്ച് 6-ാം തീയതിയിലെ 598-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2019-ലെ 22-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ ബിൽ നമ്പർ 201 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2019 മേയ് 27-ാം തീയതി ആരംഭിച്ച് 2019 ജൂലൈ 4-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

4. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ഓർഡിനൻസ്, 2019 ജൂലൈ 6-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019-ലെ 35-ാം നമ്പർ ഓർഡിനൻസായി 2019 ജൂലൈ 7-ാം തീയതിയിലെ 1510-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. 2019-ലെ 35-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡം (ബി) ഉപഖണ്ഡപ്രകാരം 1986-ലെ 31-ാം ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് രജിസ്ട്രാറുടെ നിയമനത്തിനുള്ള നിബന്ധനകളും വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 2-ാം ഖണ്ഡം (സി) ഉപഖണ്ഡപ്രകാരം 1986-ലെ 31-ാം ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 13 എ വകുപ്പ് (1)-ാം ഉപവകുപ്പ് പരീക്ഷാ കൺട്രോളറുടെ നിയമനത്തിനുള്ള നിബന്ധനകളും വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 2-ാം ഖണ്ഡം (സി) ഉപഖണ്ഡപ്രകാരം 1986-ലെ 31-ാം ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 13എ വകുപ്പ് (3)-ാം ഉപവകുപ്പ് പരീക്ഷാ കൺട്രോളറുടെ അധികാരങ്ങളും ചുമതലകളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 2-ാം ഖണ്ഡം (ഡി) ഉപഖണ്ഡപ്രകാരം 1986-ലെ 31-ാം ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 14-ാം വകുപ്പ് (1)-ാം ഉപവകുപ്പ് ഫൈനാൻസ് ആഫീസറുടെ നിയമനത്തിനുള്ള നിബന്ധനകളും വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

5. ബില്ലിലെ 3-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം 2013-ലെ 24-ാം ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 32-ാം വകുപ്പ് (6)-ാം ഉപവകുപ്പ് രജിസ്ട്രാറുടെ വേതനവും സേവനവ്യവസ്ഥകളും ഓർഡിനൻസ് പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

6. ബില്ലിലെ 3-ാം ഖണ്ഡം (ബി) ഉപഖണ്ഡപ്രകാരം 2013-ലെ 24-ാം ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 33-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പരീക്ഷാ കൺട്രോളറുടെ വേതനവും സേവനവ്യവസ്ഥകളും ഓർഡിനൻസ് പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

7. ബില്ലിലെ (3)-ാം ഖണ്ഡം (സി) ഉപഖണ്ഡപ്രകാരം 2013-ലെ 24-ാം ആക്റ്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്ന 34-ാം വകുപ്പ് (1)- ാം ഉപവകുപ്പ് ഫൈനാൻസ് ആഫീസറുടെ നിയമനത്തിനുള്ള നിബന്ധനകളും വ്യവസ്ഥകളും ഓർഡിനൻസ് പ്രകാരം നിർണ്ണയിക്കുന്നതിന് സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

8. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ സ്റ്റാറ്റ്യൂട്ടുകളോ ഓർഡിനൻസുകളോ ഉണ്ടാക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതാണ്. ആയതിനാൽ ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം ഒരു സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. കെ. ടി. ജലീൽ.

## 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ
## (1986-ലെ 31)

** ** ** **

10. <u>സർവ്വകലാശാലയിലെ ഉദ്യോഗസ്ഥർമാർ.</u>—താഴെപ്പറയുന്നവർ സർവ്വകലാശാലയിലെ ഉദ്യോഗസ്ഥന്മാരായിരിക്കുന്നതാണ്, അതായത് :—

(i) വൈസ്-ചാൻസലർ;

(ii) പ്രൊ-വൈസ്-ചാൻസലർ;

(iii) രജിസ്ട്രാർ;

(iv) ഫൈനാൻസ് ആഫീസർ;

(v) സർവ്വകലാശാലയിലെ ഉദ്യോഗസ്ഥൻമാരായി സ്റ്റാറ്റ്യൂട്ടുകൾമൂലം പ്രഖ്യാപിക്കപ്പെട്ടാവുന്ന സർവ്വകലാശാലയുടെ സർവ്വീസിലുള്ള മറ്റ് ഉദ്യോഗസ്ഥന്മാർ.

** ** ** **

13. <u>രജിസ്ട്രാർ.</u>—(1) സിൻഡിക്കേറ്റ് സർക്കാരിനു സമർപ്പിക്കുന്ന രണ്ട് ആളുകളുടെ പേരുകൾ ഉൾക്കൊള്ളുന്ന ഒരു പാനലിൽ നിന്ന് സർക്കാർ തിരഞ്ഞെടുക്കുന്ന ഒരാളെ സർവ്വകലാശാലയുടെ രജിസ്ട്രാറായി സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന കാലയളവിലേക്കും അപ്രകാരമുള്ള വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതാണ്.

** ** ** **

14. <u>ഫൈനാൻസ് ആഫീസർ.</u>—(1) സിൻഡിക്കേറ്റ് സർക്കാരിനു സമർപ്പിക്കുന്ന രണ്ട് ആളുകളുടെ പേരുകൾ ഉൾക്കൊള്ളുന്ന ഒരു പാനലിൽ നിന്ന് സർക്കാർ തെരഞ്ഞെടുക്കുന്ന ഒരാളെ സർവ്വകലാശാലയുടെ ഫൈനാൻസ് ആഫീസറായി സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന കാലയളവിലേക്കും അപ്രകാരമുള്ള വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതാണ്.

** ** ** **

## 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ
## (2013-ലെ 24)

** ** ** **

32. <u>രജിസ്ട്രാർ.</u>—(1) രജിസ്ട്രാർ, സർവ്വകലാശാലയുടെ ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും സ്റ്റാറ്റ്യൂട്ടുകൾക്കനുസൃതമായി അങ്ങനെയുള്ള രീതിയിൽ നിയമിക്കപ്പെടേണ്ടതുമാണ്.

** ** ** **

(6) അഞ്ച് വർഷത്തിൽ കവിയാത്ത ഒരു കാലയളവിലേക്ക് രജിസ്ട്രാറെ നിയമിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന വേതനത്തിനും മറ്റു സേവനവ്യവസ്ഥകൾക്കും അദ്ദേഹത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ്.

** ** ** **

33. <u>പരീക്ഷാ കൺട്രോളർ.</u>—(1) പരീക്ഷാ കൺട്രോളർ സർവ്വകലാശാലയുടെ ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കുന്ന പ്രകാരം നിർവ്വാഹക സമിതിയുടെ അംഗീകാരത്തോടുകൂടി വൈസ് ചാൻസലർ അദ്ദേഹത്തെ നിയമിക്കേണ്ടതുമാണ്.

** ** ** **

(5) പരീക്ഷാ കൺട്രോളറെ, അഞ്ച് വർഷത്തിൽ കവിയാത്ത ഒരു കാലയളവിലേക്ക് നിയമിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന വേതനത്തിനും മറ്റ് സേവനവ്യവസ്ഥകൾക്കും അദ്ദേഹം അർഹനായിരിക്കുന്നതുമാണ്.

** ** ** **

34. <u>ഫൈനാൻസ് ഓഫീസർ.</u>—(1) ഫൈനാൻസ് ആഫീസർ സർവ്വകലാശാലയുടെ ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിലുംമേൽ നിയമിക്കേണ്ടതുമാണ്.

** ** ** **

# 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (2015-ലെ 17)

** ** ** **

16 <u>രജിസ്ട്രാറുടെ നിയമനവും അധികാരങ്ങളും കർത്തവ്യങ്ങളും</u>.—(1) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, വൈസ്-ചാൻസലർ കൺവീനറായി നിർവ്വാഹക സമിതി നിർണ്ണയിക്കുന്ന ഒരു സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്ന ഒരാളെ സർക്കാർ അനുമതിയോടുകൂടി രജിസ്ട്രാറായി നിർവ്വാഹക സമിതി നിയമിക്കേണ്ടതാണ്. പ്രഥമ രജിസ്ട്രാറെ സർക്കാർ നിയമിക്കേണ്ടതാണ്.

** ** ** **

(3) രജിസ്ട്രാറുടെ സേവന കാലാവധി സർവ്വകലാശാലകളുടെ ഓഫീസർമാരുടെ പ്രായപരിധി സംബന്ധിച്ചുള്ള സർക്കാരിന്റെ കാലാകാലങ്ങളിലുള്ള ഉത്തരവനുസരിച്ചായിരിക്കുന്നതാണ്. രജിസ്ട്രാറായി തിരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവൃത്തി പരിചയവും സർക്കാർ അംഗീകരിച്ച പ്രകാരമായിരിക്കേണ്ടതാണ്.

** ** ** **

17. <u>ഫൈനാൻസ് ഓഫീസറുടെ നിയമനം</u>.—(1) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, വൈസ്-ചാൻസലർ കൺവീനറായി, നിർവ്വാഹക സമിതി നിർണ്ണയിക്കുന്ന ഒരു സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്ന ഒരാളെ ഫൈനാൻസ് ഓഫീസറായി നിർവ്വാഹക സമിതി നിയമിക്കേണ്ടതും അദ്ദേഹം ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും വൈസ്-ചാൻസലറുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിർദ്ദേശത്തിലും നിയന്ത്രണത്തിലും ജോലി ചെയ്യേണ്ടതുമാണ്. പ്രഥമ ഫൈനാൻസ് ഓഫീസറെ സർക്കാർ നിയമിക്കേണ്ടതാണ്. ഫൈനാൻസ് ഓഫീസറുടെ സേവന കാലാവധി ഇത് സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അനുസരിച്ചായിരിക്കുന്നതാണ്. ഫൈനാൻസ് ഓഫീസറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവർത്തി പരിചയവും സർക്കാർ അംഗീകരിച്ച പ്രകാരമായിരിക്കേണ്ടതാണ്.

** ** ** **

18. <u>പരീക്ഷാ കൺട്രോളറുടെ നിയമനവും അധികാരങ്ങളും ചുമതലകളും</u>.—(1) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, വൈസ്-ചാൻസലർ കൺവീനറായി, നിർവ്വാഹക സമിതി നിർണ്ണയിക്കുന്ന ഒരു സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്ന മൂന്ന്

പേരിൽ നിന്നും സർക്കാർ നിർദ്ദേശിക്കുന്ന ഒരാളെ പരീക്ഷാ കൺട്രോളറായി നിർവ്വാഹക സമിതി നിയമിക്കേണ്ടതും അദ്ദേഹം ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും വൈസ്-ചാൻസലറുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിർദ്ദേശത്തിലും നിയന്ത്രണത്തിലും ജോലി ചെയ്യേണ്ടതുമാണ്. പ്രഥമ പരീക്ഷാ കൺട്രോളറെ സർക്കാർ നിയമിക്കേണ്ടതാണ്.

(2) പരീക്ഷാ കൺട്രോളറുടെ സേവന കാലാവധി ഇതു സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവനുസരിച്ചായിരിക്കുന്നതാണ്. പരീക്ഷാ കൺട്രോളറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവൃത്തി പരിചയവും സർക്കാർ അംഗീകരിച്ച പ്രകാരമായിരിക്കേണ്ടതാണ്.

** ** ** **